Fractional Horsepower Motors നിർമ്മിക്കുന്നതിലേക്കായി ആസൂത്രണം ചെയ്യപദ്ധതി

* 833. [4] ശ്രീ. പി. കുമാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് വ്യവസായവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) Fractional horsepower Motors നിർമ്മിക്കുന്നതിലേക്കായി ഗവണ്മെൻറു് ആസൂത്രണം ചെയ്ത പദ്ധതിയനുസരിച്ചു വാങ്ങിയ യന്ത്രങ്ങളുടേയും മറ്റു ഉപകരണങ്ങളുടേയും വിലയെന്തു് ;

(ബി) ഇതിലേക്കായി ആർഡർ നൽകിയിട്ടുള്ള വല്ല സാധനങ്ങളും ഇനിയും ലഭിക്കാനുണ്ടോ ;

(സി) ഈ പദ്ധതി വേണ്ടെന്നുവയ്ക്കുവാനുള്ള കാരണങ്ങളും ഏവ ;

(ഡി) ഈ പദ്ധതിക്കായി ഗവണ്മെൻറു് എന്തു തുക ഇതുവരെയായി മുടക്കിയിട്ടുണ്ടു് ; എത്ര രൂപ നഷ്ടമുണ്ടായിട്ടുണ്ടു് ;

(ഈ) ഇതിൻെറ ഇപ്പോഴത്തെ അവസ്ഥയെന്തു് ?

വ്യവസായവകുപ്പുമന്ത്രി (ശ്രീ. കെ. എ. ദാമോദരമേനോൻ):

(എ) 92,264 രൂപ 53 ന. പ.

(ബി) ഇല്ല.

(സി) ഇത്തരം വ്യവസായയൂണിറ്റുകളും പൊതുമേഖലയിൽ തുടങ്ങാനായിരുന്ന കേന്ദ്രഗവണ്മെൻറിൻെറ അനുമതി ഉണ്ടായിരുന്നതെങ്കിലും ചെറുകിട വ്യവസായവക്കിംഗു് ഗ്രൂപ്പിൻെറ ശുപാർശയനുസരിച്ചു പിന്നീടു് ഈ യൂണിറ്റുകളും സ്വകാര്യമേഖലയിലേക്കു് മാറ്റുന്നതിനു തീരുമാനമെടുത്തു.

(ഡി) ഈ പദ്ധതിയ്ക്കായി 95,494 രൂപ 85 നയാപൈസ ചെലവായിട്ടുണ്ടു്. യന്ത്രസാമഗ്രികളും കേടുകൂടാതെ സൂക്ഷിച്ചിരിക്കുന്നതിനാൽ നഷ്ടമൊന്നും ഉണ്ടായിട്ടില്ല.

(ഇ) ഇതു് എടുത്തു നടത്തുവാൻ സ്വകാര്യഉടമയിലാരും ആവശ്യപ്പെടാതിരുന്നതുകൊണ്ടു് ഈ യൂണിറ്റു് വിദ്യാഭ്യാസഡിപ്പാർട്ടുമെൻറിനു ആവശ്യമുള്ളപക്ഷം അവർക്കു കൊടുക്കുവാനുള്ള നടപടി എടുത്തുവരുന്നു.

ശ്രീ. മാലേത്തു ഗോപിനാഥപിള്ള : Fractionalhorse power Motors എന്താണെന്നു ഒന്നു വിവരിക്കാമോ ; ഇതുകൊണ്ടുള്ള ഉദ്ദേശം എന്താണെന്നു ഒന്നു പറയാമോ ?

ശ്രീ. കെ. എ. ദാമോദരമേനോൻ : ഇപ്പോഴും ഓരോ മെഷിനറിയെപ്പറ്റിയും വിശദീകരിക്കാൻ ആവശ്യപ്പെട്ടാൽ ഞാൻ വിഷമിക്കുകയേ ഉള്ളൂ.

ഫീസിളവു്

* 834. [5] ശ്രീ. പി. എം. കുഞ്ഞിരാമൻ നമ്പ്യാർ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രിസദയം മറുപടി നൽകുമോ :

(എ) രാഷ്ട്രീയ യാതന അനുഭവിച്ചവരുടെ എത്ര സന്താനങ്ങൾക്കു് ഹൈസ്കൂളുകളിൽ 1962-63-ൽ ഫീസിളവു് അനുവദിച്ചിട്ടുണ്ടു്;

(ബി) അത്തരം വിദ്യാർത്ഥികൾക്കു് കോളേജുകളിലും ഈ ആനുകൂല്യം അനുവദിച്ചുകൊടുക്കുന്നതിനെക്കുറിച്ചു് ഗവണ്മെൻറു് ആലോചിക്കുമോ ?

പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. എം. പി. ഗോവിന്ദൻ നായർ):

(എ) 1962-63-ൽ 133 വിദ്യാർത്ഥികൾക്കു്.

(ബി) ഇതുമൂലം നേരിട്ടേക്കാവുന്ന സാമ്പത്തികബാദ്ധ്യത പരിഗണിച്ചു് ഈ ആനുകൂല്യം കോളേജുകളിലും അനുവദിക്കാൻ നിവൃത്തിയില്ല.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. കെ. ബാലകൃഷ്ണൻ : ഈ രാഷ്ട്രീയ യാതനക്കാർ ആരാണെന്ന നിശ്ചയിക്കുന്നതു് ആരാണു് ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ : അതിനു പ്രത്യേക റൂളുകളുണ്ടു്. അതിന്റെ ഡഫനിഷനിൽ :

"Poltical Sufferer" means a person who suffered imprisonment or detention for not less than 6 months, or who died or was killed in action or in detention, or was awarded capital punishment, or became permanently incapacitated due to firing or lathi charge etc. or lost his job or means of livelihood or a part or whole of his property on account of praticipation in the National Movements for emancipation of India"

എന്നു പറഞ്ഞിട്ടുണ്ടു്.

ശ്രീ. പി. ഗോപാലൻ ; ഈ രാഷ്ട്രീയ യാതനക്കാരുടെ കുട്ടികൾക്കു് അയൽസംസ്ഥാനങ്ങളിൽ സ്കൂളുകളിലും കോളേജുകളിലും ആനുകൂല്യങ്ങളും കൊടുക്കുന്നുണ്ടു . അതിനു കേന്ദ്രഗവണ്മെന്റു സഹായധനം കൊടുക്കുന്നുണ്ടു്. അതുപോലെ ഈ സ്റ്റേറ്റിലും അതു കൊടുക്കാൻ നടപടിയെടുക്കുമോ ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ : കോളേജുവിദ്യാഭ്യാസത്തിനു കേന്ദ്രഗവണ്മെന്റു അതനുസരിച്ചുള്ള കാൺട്രിബ്യൂഷൻ കൊടുക്കുന്നതായിട്ടുകണ്ടിട്ടില്ല. ഈ സ്കൂളുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കുള്ള ഫീസിന്റെതന്നെ 50 ശതമാനം മാത്രം കേന്ദ്രഗവണ്മെന്റു തരാം എന്നു സമ്മതിച്ചിട്ടുണ്ടു്.

ശ്രീ. ഇ. പി. ഗോപാലൻ : ഈ രാഷ്ട്രീയ യാതനക്കാർ സാധാരണ സമരത്തിൽ പങ്കെടുത്തിട്ടുള്ളവരായിരിക്കണമല്ലോ. അവരുടെ കുട്ടികൾക്കു് പത്താംക്ലാസ്സുവരെ ആനുകൂല്യങ്ങളും അനുവദിക്കാം എന്നുണ്ടെങ്കിൽ അതു വലിയ സാമ്പത്തികനഷ്ടമുള്ള കാര്യവുമല്ലെങ്കിൽ, സാമ്പത്തികനഷ്ടം വന്നേക്കാം എന്നുണ്ടെങ്കിൽത്തന്നെ അതു പത്താംക്ലാസ്സുവരെ അവരുടെ കുട്ടികളെ പഠിപ്പിച്ചാൽ മതി എന്നു നിശ്ചയിക്കാൻ കാരണമെന്താണു് ? അവർക്കു തുടർന്നു പഠിക്കാനുള്ള സൗകര്യം ചെയ്തുകൊടുക്കുന്നതിനു ഇൻഡ്യാഗവണ്മെന്റിനെ നിർബന്ധിച്ചുകൂടെ ?

ശ്രീ. പി. ടി. ചാക്കോ : ചില പ്രത്യേക കേസ്സുകളിൽ യൂണിയൻ ഗവണ്മെന്റിന്റെ ഹോംമിനിസ്ട്രിക്കുള്ള ഫണ്ടിൽനിന്നും അതിനു അർഹതയുണ്ടെന്നുകാണുന്നപക്ഷം അങ്ങനെ കോളേജ്വിദ്യാഭ്യാസവും അതുപോലെ മറ്റു ചില ആനുകൂല്യങ്ങളും അനുവദിക്കാറുണ്ടു്.

ശ്രീ. ഇ. പി. ഗോപാലൻ: ഇൻഡ്യയിലെ മറ്റു എല്ലാ സ്റ്റേറ്റുകളിലും ഇങ്ങനെ ചെയ്യുന്നുണ്ടെങ്കിൽ ഇവിടെയും അങ്ങനെ ചെയ്യാതിരിക്കുന്നതു് തെറ്റല്ലേ ; അതുകൊണ്ടു അതിനുവേണ്ട നടപടിയെടുക്കുമോ ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ : എന്റെ കൈയിലുള്ള രേഖ അനുസരിച്ചു് സ്കൂൾ വിദ്യാഭ്യാസത്തിനുമാത്രം ഉള്ളതാണെന്നാണു മനസ്സിലാക്കുന്നതു്.

ശ്രീ. ഇ. പി. ഗോപാലൻ : ഹോം മിനിസ്ട്രിയുടെ ഈ സ്പെഷ്യൽ കൺസിഡറേഷൻ ഏതെല്ലാംതരത്തിൽപെട്ടതിയാണു് കൊടുക്കുന്നതു് ?

ശ്രീ. പി. ടി. ചാക്കോ: ഇതു ഏതു തരത്തിൽപെട്ടതാണെന്നു നിശ്ചയമില്ല. ഉപരിപഠനത്തിനു സൗകര്യം കൊടുക്കുന്നതിനുവേണ്ടിയായിരിക്കാം. സർ, ഇതു രാഷ്ട്രീയയാതനക്കാരാണെന്നു കാണുകയും അവരുടെ ഇന്നത്തെ നിലവച്ചുകൊണ്ടും ഇൻഡിവിഡുവൽ കേസ്സുകളായി പരിഗണിച്ചു അങ്ങനെ കൊടുക്കുന്നതാണു്. അതിനു സ്റ്റേറ്റുഗവണ്മെന്റിനു അപേക്ഷകൾ തന്നാൽ അതു റെക്കമെന്റു ചെയ്യുന്നതിൽ ചിലതു കൊടുത്തു എന്നു വരും, ചിലതു കൊടുത്തില്ല എന്നും വരും.

ശ്രീ. എം. നാരായണക്കുറുപ്പ് : ഈ രാഷ്ട്രീയ യാതനക്കാരായിട്ടുള്ളവരുടെ സന്താനങ്ങൾ ഉപരിപഠനത്തിന് പോകാൻ വളരെ ഇല്ലാതാകാൻ ഇടയുള്ളതുകൊണ്ടും ഇവിടെ ഈ ചോദ്യത്തിന് മറുപടി പറയാനുള്ള അവസരം ഇന്നുണ്ടായിട്ടുള്ളതുകൊണ്ടാണ് അങ്ങനെയുള്ള രാഷ്ട്രീയ യാതനക്കാരുടെ ത്യാഗം കൊണ്ടാണെന്നുള്ളതിനെ പരിഗണിച്ചും ഈ കാര്യം ഒന്ന് അനുഭാവപൂർവ്വം ചിന്തിക്കുമോ ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ : അവരുടെ നമ്പർ വളരെ കുറവല്ല. 133 വിദ്യാർത്ഥികൾക്ക് ഇക്കൊല്ലത്തേക്ക് ആനുകൂല്യങ്ങൾ അനുവദിച്ചിട്ടുണ്ട്. അതിന് ഒരു മാനദണ്ഡം വേണമല്ലോ. അതു് തൽക്കാലം സ്വാതന്ത്ര്യസമരം എന്നു് ക്ലിപ്തപ്പെടുത്തിയിരിക്കുകയാണു്.

ഗ്രാമീണ സന്നദ്ധസേന

* 835. [6] ശ്രീ. പി. സി. രാഘവൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് വ്യവസായവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗ്രാമീണ സന്നദ്ധസേനകൾ രൂപീകരിച്ചതിനുശേഷം പഞ്ചായത്തുകൾക്കു് ഇതുവരെയായി എത്ര പേരുടെ സൗജന്യസേവനം ലഭിച്ചിട്ടുണ്ടു്;

(ബി) ഈ സൗജന്യസേവനം ലഭിച്ച വകയിൽ ആ ജോലികൾ പൂർത്തിയാക്കാൻ ആകെ ചെലവായ തുകയെത്ര ;

(സി) കോഴിക്കോട്ട താലൂക്കിൽ ഏറ്റവും അധികം വികസന പ്രവർത്തനം നടത്തിയ പഞ്ചായത്തു് ഏതാണു് ;

(ഡി) ആ പഞ്ചായത്തിൽ എന്തെല്ലാം തരത്തിലുള്ള പ്രവൃത്തികൾ ഗ്രാമീണ സന്നദ്ധസേനാംഗങ്ങൾ ഇതിനകം ചെയ്തുകഴിഞ്ഞു ?

വ്യവസായവകുപ്പുമന്ത്രി (ശ്രീ. കെ. എ. ദാമോദരമേനോൻ) :

(എ) തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, കോട്ടയം, എറണാകുളം, കോഴിക്കോട് എന്നീ ജില്ലകളിലെ പഞ്ചായത്തുകൾക്കു് 114,295 പേരുടെ സൗജന്യസേവനം ലഭിച്ചിട്ടുണ്ടു്. ബാക്കിയുള്ള ജില്ലകളെ സംബന്ധിച്ച വിവരങ്ങൾ ശേഖരിച്ചുവരുന്നു.

(ബി) 65,355 രൂപ 56 നയാപൈസ.

(സി) ബാലുശേരി പഞ്ചായത്തു്.

(ഡി) (1) ബസ്സു് സ്റ്റാൻഡുമുതൽ ഹൈസ്കൂൾവരെയുള്ള രണ്ടു ഫർലാംഗു് റോഡു നിർമ്മിച്ചു ; (2) അരിമംഗലം റോഡു് മുതൽ ഫർലോംഗു് കേട്ട തീർത്തു നന്നാക്കി; (3) ഒരു ഫർലോംഗു് കോർട്ടറോഡു് നന്നാക്കി; (4) 500 രൂപ വിലയുള്ള കൊന്നത്തൈകൾ നാട്ടിൽ നട്ടുകൊടുത്തു; (5) 555 രൂപ ചെലവു വരുന്ന അഞ്ചു വളക്കുഴികൾ നിർമ്മിച്ചു.

ശ്രീ. പി. സി. രാഘവൻ നായർ : ഇതിലേക്കു് പഞ്ചായത്തു ഫണ്ടിൽനിന്നും, ലേബർ ബാങ്കു് ഫണ്ടിൽനിന്നും എത്ര രൂപ ചെലവു ചെയ്തുവെന്നു പറയാമോ; അതുപോലെതന്നെ എത്രപേരെ ഇതിലേക്കു് ഉപയോഗിച്ചുവെന്നും പറയാമോ ?

ശ്രീ. കെ. എ. ദാമോദരമേനോൻ : ആ വിവരങ്ങൾ ഇപ്പോൾ പറയാൻ നിവൃത്തിയില്ല.

ശ്രീ. കെ. ആർ. വിജയൻ : വില്ലേജു് വാളന്റിയർ ഫോഴ്സുപോലെ അർബൻ വാളന്റിയർ ഫോഴ്സു് രൂപീകരിക്കുന്നതിനു് ആലോചിച്ചിട്ടുണ്ടോ ? ഇല്ലെങ്കിൽ അങ്ങനെ ഒരു സമിതി രൂപീകരിക്കാൻ ആലോചിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly